# Press Release on the Extraordinary Virtual G20 Leaders’ Summit

March 26, 2020

## G20 നേതാക്കളുടെ അസാധാരണമായ വിർച്വൽ ഉച്ചകോടിയെക്കുറിച്ചുള്ള പ്രസ് റിലീസ്

മാർച്ച് 26, 2020

കോവിഡ്-19 പകർച്ചവ്യാധിയുടെ വ്യാപനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായും ഒരു ആഗോള സഹകരണത്തിനുള്ള പ്രതികരണം ശക്തിപ്പെടുത്തുന്നതിനും 2020 മാർച്ച് 26 ന് G20 നേതാക്കളുടെ ഒരു വിർച്വൽ ഉച്ചകോടി നാത്തുകയുണ്ടായി.മുൻപ്, ഇതേ വിഷയത്തിൽ സൗദി അറേബ്യ കിരീടാവകാശിയുമായി പ്രധാന മന്ത്രി ഒരു  ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു. കോവിഡ്-19 പകർച്ചവ്യാധിയെ സംബന്ധിച്ച്  ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും G20 ഷെർപാസ് മീറ്റിംഗിന്റെയും സങ്കലനമായിരുന്നു അസാധാരണമായ G20 ഉച്ചകോടി.

യോഗത്തിൽ, പകർച്ചവ്യാധി തടയുന്നതിനും ആളുകളെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ G20 നേതാക്കൾ സമ്മതിച്ചു. വൈദ്യ ഉപകരണങ്ങൾ , ഡയഗ്നോസ്റ്റിക് ടൂളുകൾ, ചികിത്സകൾ, മരുന്നുകൾ വാക്സിനുകൾ എന്നിവയുടെ വിതരണമുൾപ്പടെ പകർച്ചവ്യാധിക്കെതിരായുള്ള പോരാട്ടത്തിൽ WHO യുടെ നിർദേശങ്ങൾ ശക്തിപ്പെടുത്താനും അവർ പിന്തുണയ്ച്ചു.

പകർച്ചവ്യാധിയുടെ എല്ലാ സാമ്പത്തിക സാമൂഹിക പ്രത്യാഘാതങ്ങളും കുറയ്ക്കുന്നതിനും ആഗോള വളർച്ച പുനഃസ്ഥാപിക്കുന്നതിനും, വിപണിസ്ഥിരതയ്ക്കും കൂടാതെ പൂർവസ്ഥിതി പ്രാപിക്കുന്നതിനെ ശക്തിപ്പെടുത്തുന്നതിനും ലഭ്യമായ എല്ലാ നേതാക്കളും പ്രതിബദ്ധത സൂക്ഷിക്കുന്നു.

കോവിഡ് -19 ന്റെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ മറികടക്കുന്നതിനായി ആഗോള സമദ്ഘാടനയിലേക്ക് 5 ട്രില്യൺ യു എസ് ഡോളർ കൊണ്ട് വരുന്നതിനു G20 രാജ്യങ്ങൾ ഉദ്ദേശിക്കുന്നു. WHO യുടെ നേതൃത്വത്തിലുള്ള കോവിഡ്-19 ഐക്യപ്രതികരണ ഫണ്ടിലേക്ക് സ്വമേധയാ സംഭാവന ചെയ്യുന്നതിനും നേതാക്കൾ സമ്മതിക്കുകയുണ്ടായി.

G20 യുടെ അനിതര സാധാരണമായ ഇത്തരമൊരു സെഷൻ  നടത്തിയതിനു സൗദി അറേബ്യൻ രാജാവിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു. അദ്ദേഹത്തിൻറെ അഭിപ്രായത്തിൽ പകർച്ചവ്യാധിയുടെ സാമ്പത്തിക സാമൂഹിക പ്രത്യഘാതങ്ങൾ പ്രധാന മന്ത്രി നിരീക്ഷിക്കുകയുണ്ടായി. ആഗോള ജിഡിപി യുടെ 80 % യും ലോക ജനസംഖ്യയുടെ 60 %

വും G20 രാജ്യങ്ങളിലാണ് എങ്കിലും 90 % കോവിഡ് -19 കേസുകളും 88 % മരണങ്ങളും ഇവിടെത്തന്നെയാണ്. ആഗോള പകർച്ച വ്യാധിയോട് എതിരിടാൻ ഉറപ്പുള്ള ഒരു പദ്ധതി തയാറാക്കാൻ അദ്ദേഹം G20 യോട് ആഹ്വാനം ചെയ്തു.

മാനവ രാശി കേന്ദ്രീകരിച്ചുള്ള ആഗോള സമൃദ്ധിയുടെയും സഹകരണത്തിന്റെയും ആവശ്യകത, വൈദ്യ ശാസ്ത്ര ഗവേഷണ വികസനങ്ങളുടെ ആനുകൂല്യങ്ങൾ സുതാര്യമായും സൗജന്യമായും വിതരണം, അനുയോജ്യവും പ്രതികരണാത്മകവുമായ ആരോഗ്യ പരിചരണ സംവിധാനങ്ങളുടെ വികസനം, പരസ്പര ബന്ധിതമായ ആഗോള സാഹചര്യങ്ങൾക്കായി പ്രതിസന്ധി കൈകാര്യം പുതിയ നയങ്ങളുടെയും നടപടികളുടെയും പ്രചാരണം, WHO പോലുള്ള സർക്കാർ സ്ഥാപനങ്ങൾ നവീകരിക്കുന്നതും ശക്തിപ്പെടുത്തുന്നതും കൂടാതെ കോവിഡ് -19 മൂലം സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കായി സാമ്പത്തിക പ്രതിസന്ധികൾ കുറയ്ക്കുന്നതിന് ഒരുമിച്ചുള്ള പ്രവർത്തനം എന്നിവയുടെ ആവശ്യകത പ്രധാനമന്ത്രി അടിവരയിട്ടു സൂചിപ്പിച്ചു.

മാനവരാശിയുടെ ആകമാനമുള്ള സ്വാസ്ഥ്യത്തിനായി പുതിയ ആഗോളീകരണം ശക്തിപ്പെടുത്തുന്നതിനും പൊതുതാല്പര്യങ്ങൾ പ്രചരിപ്പിക്കുന്നതിന് ബഹുമുഖ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും പ്രധാനമന്ത്രി നേതാക്കളോട് ആവശ്യപ്പെട്ടു.
ഉച്ചകോടിയുടെ അവസാനത്തിൽ , പകർച്ചവ്യാധിയ്ക്കെതിരെ പോരാടുന്നതിനു സഹകരണാടിസ്ഥാനത്തിലുള്ള ആഗോള പ്രതികരണം ഏകോപിപ്പിക്കുന്നതിനും ആഗോള സാമ്പത്തികാവസ്ഥ സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വ്യവസായ പ്രതിസന്ധികൾ കുറക്കുന്നതിനും ആഗോള സഹകരണം മെച്ചപ്പെടുത്തുന്നതിനും പ്രസ്താവന പുറപ്പെടുവിച്ചു.

**ന്യൂ ഡൽഹി**
**26 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.